**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** **30-07-2021 - ൽ മറുപടിയ്ക്ക്**

**ശല്യ ജീവികളെ കൊന്നൊടുക്കുന്നതിന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ ശല്യം നേരിടാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും, നശിപ്പിക്കുന്നതിനും 18.05.2020-ലെ സ.ഉ. (സാധാ) നം. 111/2020/ വനം, 11.01.2021 ലെ സ.ഉ. (സാധാ) നം. 5/2021/ വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ. (സാധാ) നം. 159/2021/വനം തീയതി 29.05.2021 പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രശ്നബാധിതമായ വനേതര മേഖലകളിലെ കാട്ടുപന്നികളെ ശല്യജീവി (വെർമിൻ) ആയി പ്രഖ്യാപിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് നൽകിയെങ്കിലും കേന്ദ്ര സർക്കാരിന്റെ ശല്യജീവിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചിട്ടില്ല. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ. നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.നം. (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വന്യമൃഗ ശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് |

| | | | |
|---|---|---|---|
| | | | പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | കാട്ടുപന്നി ഉൾപ്പെടെ കൃഷി നശിപ്പിക്കുന്ന ശല്യ ജീവികളെ കൊന്നൊടുക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ കൊന്നൊടുക്കുന്നതിന്, അപ്രകാരം അപേക്ഷിക്കുന്ന കേസുകളിൽ, വ്യവസ്ഥകൾക്ക് വിധേയമായി 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ സെക്ഷൻ 11 (1)(ബി) പ്രകാരം കൊല്ലുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം എല്ലാ ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും സംരക്ഷിത മേഖലയിലെ വൈൽഡ് ലൈഫ് വാർഡൻമാർക്കും നൽകിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരള 08.03.2019-ലെ WL4-466/2011 പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം.111/2020/വനം തീയതി 18.05.2020 പ്രകാരം കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്നതിന് കാട്ടുപന്നി ശല്യം രൂക്ഷമായ ഫോറസ്റ്റ് റെയിഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കാൻ ലൈസൻസ് ഉള്ള വനം വകുപ്പ്/ പോലീസ് / മറ്റ് യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ / വ്യക്തികൾ എന്നിവരുടെ പാനൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി പാനലിലുള്ളവരെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.5/2021/വനം, തീയതി 11.01.2021, സ.ഉ (സാധാ) നം. 25/2021/വനം തീയതി 28.01.2021 എന്നിവ പ്രകാരം മനുഷ്യ ജീവനും, സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | കൃഷി നശിപ്പിക്കുന്ന ശല്യ ജീവികളെ കൊന്നൊടുക്കാൻ കർഷകർക്ക് അധികാരമുണ്ടോ; സംസ്ഥാന സർക്കാർ ശല്യ ജീവിയായി പ്രഖ്യാപിച്ച കാട്ടുപന്നികളെ കൊന്നൊടുക്കാൻ കൂടുതൽ കർഷകർക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ ഉപാധികളോടെ കൊന്നൊടുക്കാൻ കർഷകർക്ക് അധികാരമുണ്ട്. നിലവിലെ ഉത്തരവിന്റെ കാലാവധി 17.05.2022 വരെയാണ്. വനേതര ഭൂമികളിൽ കൃഷി നാശിപ്പിക്കുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ